എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്‌ലെറ്റർ

# ഊർജ്ജപത്രിക

Oorja Pathrika | A Newsletter from Energy Management Centre- Kerala

വാല്യം- 5, ലക്കം 11 | 2024 നവംബർ 05

# കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കായി ഏകദിന ശില്പശാല

എനർജി മാനേജ്മെന്റ് സെന്റർ–കേരളയും, ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസുമായി ചേർന്ന്, കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കായി ഊർജ്ജ കാര്യക്ഷമതയെക്കുറിച്ചുള്ള ഏകദിന ശില്പശാല സംഘടിപ്പിച്ചു. 2024 ഒക്ടോബർ 24–ന് ഇ.എം.സി ഓഡിറ്റോറിയത്തിൽ നടന്ന ശില്പശാലയിൽ ഊർജ്ജസംരക്ഷണ സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുക, ഊർജ്ജസംരക്ഷണത്തിലെ നൂതന മാർഗങ്ങളെക്കുറിച്ചു അവബോധം സൃഷ്ടിക്കുക തുടങ്ങിയവയെക്കുറിച്ച് ചർച്ചകൾ നടന്നു. കേരള സംസ്ഥാന വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി ശില്പശാല ഉദ്ഘാടനം ചെയ്തു. ഊർജ്ജസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും കേരളത്തിന്റെ ഊർജ്ജകാര്യക്ഷമതാ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വഹിക്കാനാകുന്ന പങ്കിനെക്കുറിച്ചും ഉദ്ഘാടന പ്രസംഗത്തിൽ മന്ത്രി വിശദീകരിച്ചു.

ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കെ. ആർ. ജ്യോതിലാൽ ഐ.എ.എസ് ശില്പശാലക്ക് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ സുസ്ഥിര ഊർജ്ജ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള തുടർച്ചയായ ശ്രമങ്ങളെക്കുറിച്ച് അദ്ദേഹം വിവരിച്ചു.



വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി
വീഡിയോ സന്ദേശത്തിലൂടെ ഉദ്ഘാടനം ചെയ്യുന്നു

ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫർമേഷൻ (BPT) എക്സിക്യൂട്ടീവ് ചെയർമാൻ അജിത് കുമാർ കെ., മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന, ദേശീയ ഊർജ്ജ നയങ്ങളുമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതിനെക്കുറിച്ചും സാമ്പത്തിക വളർച്ചക്കും പരിസ്ഥിതി നിലനിൽപ്പിനും പൊതുമേഖലാ സ്ഥാപനങ്ങൾ നൽകുന്ന സംഭാവനകളെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു.

ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഡയറക്ടർ (പ്ലാനിംഗ് ആൻഡ് എക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്) മനോജ് എൻ. കെ മുഖ്യാതിഥിയായിരുന്നു. ഊർജ്ജകാര്യക്ഷമമായ സമ്പ്രദായങ്ങൾ സ്വീകരിക്കുന്നതിൽ പൊതുമേഖലാ സ്ഥാപനങ്ങൾ മാതൃകയാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള വിവിധ ആശയങ്ങൾ അദ്ദേഹം പങ്കുവെച്ചു.

വ്യാവസായിക മേഖലയിൽ ഊർജ്ജ കാര്യക്ഷമത ലക്ഷ്യംവെച്ച് ഇ എം സി നല്കിവരുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ, പരിശീലനങ്ങൾ തുടങ്ങിയവയെക്കുറിച്ച് ഡയറക്ടർ ഡോ. ആർ. ഹരികുമാർ സ്വാഗത പ്രസംഗത്തിൽ വിശദീകരിച്ചു. NMEEE& DSM വിഭാഗത്തിന്റെ തലവൻ ജോൺസൺ ഡാനിയൽ ചടങ്ങിന് കൃതജ്ഞത അറിയിച്ചു.



ശിൽപ്പശാലയിൽ പങ്കെടുത്തവർ ഇ.എം.സി ഉദ്യോഗസ്ഥരോടൊപ്പം



# തിരുവനന്തപുരത്തെ എൽ.ബി.എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വുമണിൽ എനർജി മാനേജ്മെന്റ് ക്ലബ്ബിന്റെ ഉദ്ഘാടനം

തിരുവനന്തപുരത്തെ എൽ.ബി.എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വുമണിലെ സെന്റർ ഫോർ എനർജി സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ എനർജി മാനേജ്മെന്റ് ക്ലബ്ബ് രൂപീകരിച്ച 2024 ഒക്ടോബർ 21ന് ഇ.എം.സി ഡയറക്ടർ ഡോ. ആർ. ഹരികുമാർ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ വിശിഷ്ടാതിഥികളായ സുരേഷ് ബാബു ബി. വി. (ഓട്ടോട്രാക്ഷൻസ് സ്ഥാപകൻ), ഡോ. ജയമോഹൻ (എൽ. സെന്റർ ജോയിന്റ് ഡയറക്ടർ), ഡോ. സുമിത്ര (പ്രിൻസിപ്പൽ ഇൻ-ചാർജ്), ഡോ. സ്മിത ബി. എസ്. ഇ. എസ്. (ഡീൻ അക്കാദമിക്സ്), ഡോ. അനിത കുമാരി (HOD, CSE), ഡോ. സാജൻ ജോസ് (HOD, CE), ഡോ. സുമ ശേഖർ (HOD, ECE), പ്രൊഫ. മുജീബ് റഹ്മാൻ കെ. എന്നിവർ പങ്കെടുത്തു. ചടങ്ങിൽ സുരേഷ് ബാബു ബി. വി. ഊർജ്ജകാര്യക്ഷമതയും പരിപാലനവും എന്ന വിഷയത്തിൽ ക്ലാസ്സ് നയിച്ചു. അക്ഷയോർജ്ജം, വ്യാവസായിക മേഖലയിലെ ഊർജ്ജസംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്റ്റുകൾ ചെയ്യാൻ വിദ്യാർത്ഥികളെ അദ്ദേഹം പ്രേരിപ്പിച്ചു.

# കെ.എസ്.ഇ.ബി. വിൻ മീറ്റ് 2024 സംഘടിപ്പിച്ചു

കേരളത്തിൽ കാറ്റാടിപ്പാടങ്ങളിലെ നിക്ഷേപ സാധ്യതകളെക്കുറിച്ച് കെ.എസ്.ബി ഒക്ടോബർ 18 ന് എറണാകുളത്ത് 'വിൻ മീറ്റ് 2024'- എന്ന പേരിൽ സംഘടിപ്പിച്ച ശില്പശാലയില് ഇ.എം.സി. ഡയറക്ടർ ഡോ.ആർ.ഹരികുമാർ പങ്കെടുത്തു. വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടിയാണ് 'വിൻ മീറ്റ് 2024' ഓൺലൈനായി ഉദ്ഘാടനം ചെയ്തത്. കാറ്റിൽ നിന്നു വൈദ്യുതി ഉൽപാദിപ്പിക്കാൻ തയാറായി വരുന്ന സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതാണ് സർക്കാർ നയമെന്ന് മന്ത്രി പറഞ്ഞു. ഇത്തരം സംരംഭകരെ സൃഷ്ടിക്കാനായി ഏകജാലക സംവിധാനം ഏർപ്പെടുത്തുമെന്നും 2030 ആകുമ്പോഴേക്കും സംസ്ഥാനത്ത് 10,000 മെഗാവാട്ട് വൈദ്യുതി ഉറപ്പാക്കണമെന്നതാണ് സർക്കാർ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. കെ.എസ്.ഇ.ബി ചെയർമാൻ ബിജു പ്രഭാകർ, അനേർട്ട് ഡയറക്ടർ നരേന്ദ്ര നാഥ് വെല്ലൂരി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിൻഡ് എനർജി ഡയറക്ടർ ഡോ. കെ. ഭൂപതി, എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ. ആർ. ഹരികുമാർ, ക്വാഡ ആർ.ഇ. പാർക്ക് ആൻഡ് പ്രോജക്റ്റ് ഹെഡ് തുഷാർ കുമാർ, ചീഫ് എൻജിനിയർ പി. എൻ. പ്രസാദ്, കെ.എസ്.ഇ.ബി ഡയറക്ടർമാരായ ജി. സജീവ്, പി. സുരേന്ദ്ര, ആർ. ബിജു എന്നിവർ പ്രസംഗിച്ചു.




കെ.എസ്.ഇ.ബി ചെയർമാനും മാനേജിങ് ഡയറക്ടറുമായ ബിജു പ്രഭാകർ പ്രസംഗിക്കുന്നു. ഉദ്ഘാടകനായ മന്ത്രി കെ. കൃഷ്ണൻകുട്ടിയെ ഓൺലൈൻ സ്ക്രീനിൽ കാണാം



'വിൻ മീറ്റ് 2024' സമ്മേളനത്തിൽ ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ പ്രസംഗിക്കുന്നു

# നബാർഡ് RIPF വഴി എറണാകുളം ജില്ലയിലെ കുട്ടമ്പുഴ ചാമപ്പാറ അങ്കണവാടിയിൽ ഇ.എം.സിയുടെ അംഗൻജ്യോതി

ഇ.എം.സി നബാർഡ് RIPF വഴി എറണാകുളം ജില്ലയിലെ കുട്ടമ്പുഴ ചാമപ്പാറ അങ്കണവാടിയിൽ പൂർത്തീകരിച്ച അംഗൻജ്യോതി പദ്ധതിയുടെ ഉദ്ഘാടനം ഒക്ടോബർ 23ന് നബാർഡ് ഡിസ്ട്രിക്ട് ഡെവലപ്മെന്റ് മാനേജർ അജീഷ് ബാലു നിർവഹിച്ചു. പ്രസ്തുത അങ്കണവാടിയിൽ 2 kW-ന്റെ ഇൻഡക്ഷൻ കുക്കർ, 7 തരം പാത്രങ്ങൾ, 2 kW ഓൺ ഗ്രിഡ് സോളാർ, 2kW ചാർജിങ് പോർട്ട്, ഇലക്ട്രിക് സൈക്കിൾ, കൂൾ റൂഫിങ് എന്നിവ നൽകുകയും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഉദ്ഘാടന ചടങ്ങിൽ കുട്ടമ്പുഴ പഞ്ചായത്ത് പ്രസിഡന്റ് കാന്തി വെള്ളക്കയൻ അധ്യക്ഷത വഹിച്ചു, അരുൺ, നബാർഡ് ഡി.ഡി.എം ഇടുക്കി, ഗോപി കെ.കെ. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, സൽമാ പരീത് വാർഡ് മെമ്പർ, പിങ്കി കെ. അഗസ്റ്റിൻ, ലീവിയ ലാൽജി, ഓമന, അനൂപ് സുരേന്ദ്രൻ ഇ.എം.സി, സുദേവ് സി. സുനിൽ ഇ.എം.സി എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



അംഗൻജ്യോതി പദ്ധതിയുടെ ഭാഗമായി കുട്ടമ്പുഴ ചാമപ്പാറ അങ്കണവാടിയിൽ സംഘടിപ്പിച്ച ഊർജ്ജോപകരണങ്ങളുടെ വിതരണം

അംഗൻജ്യോതി പദ്ധതിയുടെ പ്രവർത്തനത്തിന്റെ ഭാഗമായി ഇ.എം.സി, കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ 198 അങ്കണവാടികളിലും, ചിറ്റൂർ നിയോജകമണ്ഡലത്തിലെ 226 അങ്കണവാടികളിലും നവകേരളം കർമപദ്ധതിയിലെ നെറ്റ് സീറോയ്ക്കായി തിരഞ്ഞെടുത്ത 92 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 2395 അങ്കണവാടികളിലും 2 kW-ന്റെ ഇൻഡക്ഷൻ കുക്കർ, ഇഡലി കുക്കർ, പ്രഷർ കുക്കർ, മിൽക്ക് കുക്കർ, റൈസ് പോട്ട്, ടീ പോട്ട്, ഉരുളി എന്നിവ വിതരണം ചെയ്തിരുന്നു.

## എൻ.എഫ്.ഇ സ്റ്റുഡന്റ് ചാപ്റ്റർ ആരംഭിച്ചു



നാഷണൽ ഫെഡറേഷൻ ഓഫ് എൻജിനീയേർസ് ഫോർ ഇലക്ട്രിക്കൽ സേഫ്റ്റിയുമായി(എൻ.എഫ്.ഇ) സഹകരിച്ച് അഹല്യ എൻജിനീയറിംഗ് കോളേജിൽ ആരംഭിച്ച രാജ്യത്തെ ആദ്യത്തെ എൻ.എഫ്.ഇ സ്റ്റുഡന്റ് ചാപ്റ്റർ 2024 ഒക്ടോബർ 26 ന് വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്യുന്നു. പ്രസ്തുത ചടങ്ങിൽ ഇ എം സിയെ പ്രതിനിധീകരിച്ച് എനർജി ടെക്നോളജിസ്റ്റ് അനൂപ് സുരേന്ദ്രൻ പങ്കെടുത്തു.

## ഗ്ലോബൽ ബിൽഡിംഗ്സ് പെർഫോമൻസ് നെറ്റ്‌വർക്ക് പ്രതിനിധികൾ ഇ.എം.സി സന്ദർശിച്ചു



പാരിസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഗ്ലോബൽ ബിൽഡിംഗ്സ് പെർഫോമൻസ് നെറ്റ്‌വർക്ക് പ്രതിനിധികളായ ആഫ്ഷ കൻസാൽ, ഗൗതം നഗർ എന്നിവർ ഇ.എം.സി ഉദ്യോഗസ്ഥരുമായി 2024 ഒക്ടോബർ 01 ന് ചർച്ച നടത്തുന്നു.

# ഉണർവ്വ് സന്ദർശന പരിപാടി പുരോഗമിക്കുന്നു

എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമുള്ള ഊർജ്ജസംരക്ഷണ ബോധവത്കരണപരിപാടി ഉണർവ് പുരോഗമിക്കുന്നു. തിരുവനന്തപുരത്തെ ഇ.എം.സി ക്യാമ്പസിലും പാലക്കാട്ടുള്ള പരിഷദ് പ്രൊഡക്ഷൻ സെന്ററിലുമാണ് ഉണർവ് പരിപാടികൾ സംഘടിപ്പിക്കുന്നത്. പരിശീലനത്തിന്റെ ഭാഗമായി ഊർജ്ജസംരക്ഷണ ഉപാധികൾ സംബന്ധിച്ച ക്ലാസ്സ്, ഇലക്ട്രിക്ക് സൈക്കിൾ, സോളാർ പുരപ്പുറ സൗരനിലയം പരിചയപ്പെടുത്തൽ എന്നിവയും നടന്നു. ഒക്ടോബർ മാസത്തിൽ ഇ.എം.സിയിൽ നടന്ന വിവിധ പരിപാടികളിലായി 16 വിദ്യാലയങ്ങളിൽ നിന്നായി 890 വിദ്യാർഥികളും അധ്യാപകരും പങ്കെടുത്തു. പാലക്കാട്ടുള്ള പരിഷദ് പ്രൊഡക്ഷൻ സെൻററിൽ നടന്ന വിവിധ പരിപാടികളിൽ 8 വിദ്യാലയങ്ങളിൽ നിന്നായി 397 വിദ്യാർഥികളും അധ്യാപകരും പങ്കെടുത്തു.



ചിറ്റൂർ ഗവണ്മെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ



ഗവൺമെന്റ് എച്ച് എസ് എസ് കൊട്ടുവഴന്നൂർ, ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ, നെടുമങ്ങാട്,




മാർ തിയോഫിലസ് ട്രെയിനിങ് കോളേജ്, നാലാഞ്ചിറ



വൃന്ദാവൻ ഹൈസ്കൂൾ, വ്ലാത്താങ്കര, നെയ്യാറ്റിൻകര,




ഗവൺമെന്റ് ഹൈസ്കൂൾ, കരിപ്പൂർ



Published by **Dr. R. Harikumar**, Director, EMC

Editorial board

Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Tomson Sebastian (Member)
Er. Anoop Surendran (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: +91-471-2594922, 2594924
www.keralaenergy.gov.in
Toll Free No. 1800 425 5256